പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4190

24.10.2016 ൽ
മറുപടിക്ക്

## ജനമൈത്രി ട്രൈബൽ പോലീസ് സ്റ്റേഷനുകൾ

ചോദ്യം

**ശ്രീമതി.പി. അയിഷാ പോറ്റി**

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കേരളത്തിൽ എത്ര ജനമൈത്രി ട്രൈബൽ പോലീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(എ) കേരളത്തിൽ നിലവിൽ 50 ട്രൈബൽ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ഉണ്ട്.

(ബി) ഈ സ്റ്റേഷനുകൾ വഴി ആദിവാസികളുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) ജനമൈത്രി പോലീസ് ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് പരമപ്രാധാന്യം നൽകി വരുന്നു. ആദിവാസികൾ അധികം തിങ്ങിപ്പാർക്കുന്ന മേഖലകളിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ ട്രൈബൽ ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ബീറ്റ് ഓഫീസർമാരുടെ ഊരു സന്ദർശനം കൃത്യമായ ഇടവേളകളിൽ നടത്തുന്നു എന്ന് ഉറപ്പു വരുത്തുന്നു. സംസ്ഥാന, ജില്ലാതലത്തിൽ ജനമൈത്രി സുരക്ഷാപദ്ധതി സംസ്ഥാന നോഡൽ ഓഫീസറുടെയും ജില്ലാ പോലീസ് മേധാവികളുടേയും ജില്ലാ നോഡൽ ഓഫീസറുടെയും നേതൃത്വത്തിൽ ആദിവാസി മേഖലകളിലേക്ക് സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങളും പരാതികളും നേരിട്ട് ബോദ്ധ്യപ്പെടുന്നു. തുടർന്ന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അദാലത്തുകളും നടത്തുന്നുണ്ട്. തൽഫലമായി ആദിവാസികളുടെ പ്രശ്നങ്ങൾ നേരിട്ടവതരിപ്പിക്കാനും പരിഹാരം കാണാനും കഴിയുന്നു.

(സി) ഈ സ്റ്റേഷനുകൾ ആദിവാസി ജനസമൂഹത്തിൽ സൃഷ്ടിച്ച സ്വാധീനം വെളിപ്പെടുത്തുമോ?

(സി) ആദിവാസി സമൂഹത്തിൽ ജനമൈത്രി പോലീസ് അടിസ്ഥാന മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചിട്ടുണ്ട്. അവസ്സ് ആ സമൂഹത്തിൽ വലിയ സ്വാധീനം സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതു മൂലം ആദിവാസി സമൂഹത്തിന് പോലീസിനോട് പൂർവ്വകാലത്ത് ഉണ്ടായിരുന്ന മനോഭാവത്തിൽ

വലിയ മാറ്റം വരുത്താൻ ഇടയായി. അവരുടെ ജീവിതശൈലിയുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്തിയും, കുട്ടികളുടെ വിദ്യാഭ്യാസ ഉന്നതിക്കായി (ഊരു ജ്യോതി) സൗജന്യ ട്യൂഷനും പി.എസ്.സി പരിശീലനവും നടത്തുന്നതു വഴി അവരിൽ ആത്മവിശ്വാസം വളർത്താൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ ദുശ്ശീലങ്ങൾ ഒഴിവാക്കുന്നതിനായി കർശനമായ പോലീസിങ്ങ് നടത്തിയും ഈ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്താൻ ജനമൈത്രി പോലീസിന് കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ